8.	കുടുംബ സംവിധാന പദ്ധതി	500 രൂപ
9.	വനിതാ പീലിംഗ് തൊഴിലാളികൾക്ക് ധനസഹായം ആളൊന്നിന് (കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകൾക്ക്)	2000 രൂപ വീതം
10.	ഉന്നത വിദ്യാഭ്യാസപ്രോത്സാഹനം പ്ലസ് 2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്	5000 രൂപ
	വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാവിഷയത്തിലും എ+ ലഭിക്കുന്നവർക്ക്	3000 രൂപ

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സുനാമി ബാധിത മേഖലയായ എറണാകുളം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലെ വനിതാ പീലിംഗ് തൊഴിലാളികൾക്കായി റിവോൾവിംഗ് ഫണ്ട് ഫോർ വർക്കിംഗ് കാപ്പിറ്റൽ ഫോർ പീലിംഗ് വർക്കേഴ്സ് എന്ന പദ്ധതിപ്രകാരം ആളൊന്നിന് 2,000 രൂപ നിരക്കിൽ 13,370 പേർക്ക് 2,67,40,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ഫിഷറീസ് വകുപ്പിലെ പുതിയ തസ്തികകൾ

188 (6106) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിലും അതിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലും പുതുതായി എന്തെങ്കിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ഏതെല്ലാം;

(ബി) നിലവിലുള്ള ഒഴിവുകളിൽ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖാന്തിരം അല്ലാതെ നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിലേക്ക് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ നിയമനങ്ങൾ നടത്തുന്നതിനായി സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഫിഷറീസ് വകുപ്പിലെ തസ്തികകൾ

189 (6107) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിൽ എത്ര അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക് തസ്തികകൾ ഉണ്ട് ;

(ബി) മേൽവിഭാഗങ്ങളിൽ എത്ര പേർ വീതം ഫിഷറീസ് വകുപ്പിൽ സേവനം അനുഷ്ഠിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗങ്ങളിൽ നിന്ന് മറ്റ് സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർ വീതം ഏതെല്ലാം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു ; വിശദാംശങ്ങൾ നല്കുമോ ;

(ഡി) ഈ ഓരോ വിഭാഗങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരൊക്കെയാണ് സേവനം അനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള ഫിഷറീസ് വകുപ്പിൽ 4 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, 3 സീനിയർ സൂപ്രണ്ട്, 19 ജൂനിയർ സൂപ്രണ്ട്, 10 ഹെഡ് ക്ലാർക്ക് എന്നീ തസ്തികകൾ ഉണ്ട്.

(ബി) മേൽപ്പറഞ്ഞ എല്ലാ തസ്തികകളിലും ഫിഷറീസ് വകുപ്പ് ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്.

(സി) ഫിഷറീസ് വകുപ്പിലെ അഡ്മിനിട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലുള്ള ഒരാൾ ഫിർമയിൽ ഡെപ്യൂട്ടേഷനിലാണ്. സീനിയർ സൂപ്രണ്ട് തസ്തികയിൽ ആരും ഡെപ്യൂട്ടേഷനിൽ ഇല്ല. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ടുപേർ അഡാക്ക് എന്ന സ്ഥാപനത്തിലും 6 പേർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലും 3 പേർ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ മത്സ്യ കർഷക വികസന ഏജൻസികളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ഹെഡ് ക്ലാർക്ക് തസ്തികയിലെ ഒരാൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ സേവനമനുഷ്ഠിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly